# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം 6973 - 13.07.2012 -ൽ മറുപടിയ്ക്ക്

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റുവാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. ഉബൈദുള്ള** | **ശ്രീ. ഷിബു ബേബി ജോൺ**<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ)സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി)ഇതിന്റെ ഭാഗമായി എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നത്; | (ബി) 2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 'Skill and Employability Development' എന്ന പദ്ധതിക്കായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ Employability Centre ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതുവഴി രജിസ്ട്രേഷന്റെ സ്ക്രീനിംഗ്, കൗൺസിലിംഗ്, അസസ്മെന്റ്, ട്രെയിനിംഗ്, സർട്ടിഫിക്കേഷൻ, പ്ലേസ്മെന്റ് എന്നീ കാര്യങ്ങൾ ഈ Employability Centre മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സർക്കാർ തൊഴിലവസരങ്ങളോടൊപ്പം സ്വകാര്യ മേഖലയിലുള്ള തൊഴിലവസരങ്ങൾ കൂടി ലഭ്യമാക്കാൻ ഇതിലൂടെ സാധിക്കും. |
| (സി)ഉദ്യോഗാർത്ഥികൾക്ക് വിവിധ മേഖലകളിൽ നൈപുണ്യമുണ്ടാക്കുന്നതിനും തൊഴിൽദാതാക്കൾ ആവശ്യപ്പെടുന്ന രീതിയിൽ പരിശീലനം നൽകാനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ; | (സി) പരിശോധിക്കാവുന്നതാണ്. |

(ഡി)സ്വകാര്യ സ്ഥാപനങ്ങളിലേക്കും ഗവൺമെന്റ് സഹായം നൽകുന്ന പൊതു സ്ഥാപനങ്ങളിലേക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

(ഡി) ഇന്ത്യൻ പാർലമെന്റ് 1959 -ൽ പാസ്സാക്കിയ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം, സംസ്ഥാന സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയിലുണ്ടാകുന്ന മുഴുവൻ ഒഴിവുകളും സ്വകാര്യ മേഖലയിലുണ്ടാകുന്ന ഒഴിവുകളും നികത്തുന്നതിനു മുമ്പ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്ക് അറിയിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതു പ്രകാരം എക്സ്ചേഞ്ചിലേയ്ക്ക് അറിയിക്കുന്ന ഒഴിവുകളിലേയ്ക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ഉദ്യോഗദായകർക്ക് നൽകുകയാണ് ചെയ്യുന്നത്.

സെക്ഷൻ ഓഫീസർ